# കേരള സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ നടപടി ഉത്തരവ്

വിഷയം:- ജീവനക്കാര്യം - ഡ്രഗ്സ് കൺട്രോൾ വകുപ്പ് - ജൂനിയർ സൂപ്രണ്ട്, സ്റ്റോർ സൂപ്രണ്ട് തസ്തികകളിലേക്ക് സ്ഥാനക്കയറ്റം/സ്ഥലം മാറ്റം നൽകി - ഉത്തരവ് നൽകുന്നത് - സംബന്ധിച്ച്

---

നം. ഇ1. 6520/2015/ഡി.സി  തിരുവനന്തപുരം-695 035  തീയതി: 03/06/2015

---

സൂചന:- 03/06/2015-ലെ ഇ1.12551/2014/ഡി.സി. നമ്പർ ഉത്തരവ്.

## ഉത്തരവ്

കോഴിക്കോട് അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി.പി.എൻ.ബിനാകുമാരി 31/05/2015-ന് സർവ്വീസിൽ നിന്നും വിരമിച്ചതിനെ തുടർന്ന് 01/06/2015 പൂർവ്വാഹ്നം മുതൽ വകുപ്പിൽ ജൂനിയർ സൂപ്രണ്ടിന്റെ ഒരു ഒഴിവ് വന്നിട്ടുണ്ട്. ആയതിനാൽ ഹെഡ് ക്ലാർക്കുമാരിൽ ഏറ്റവും സീനിയറും, എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ ജോലി ചെയ്യുന്നതുമായ ശ്രീ.പി.തമ്പാന് ജൂനിയർ സൂപ്രണ്ട് തസ്തികയിൽ (ശമ്പള സ്കെയിൽ രൂപ 16180-29180) സ്ഥാനക്കയറ്റം നൽകി മലപ്പുറം ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ നിലവിലുള്ള ഒഴുവിൽ നിയമിച്ച് ഉത്തരവാകുന്നു.

ശ്രീ.പി.തമ്പാന് സ്ഥാനക്കയറ്റം നൽകിയപ്പോൾ ഒഴിവ് വന്ന ഹെഡ് ക്ലാർക്ക്/ സ്റ്റോർ സൂപ്രണ്ട് തസ്തികയിലേക്ക് സീനിയർ ക്ലാർക്കുമാരിൽ ഏറ്റവും സീനിയറായ തൃശ്ശൂർ അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയത്തിൽ സീനിയർ ക്ലാർക്ക് (ഹ.ഗ്രേഡ്) ആയി ജോലി ചെയ്യുന്ന ശ്രീ.സി.ആർ.ദയാനിധിയെ മേൽ സൂചന പ്രകാരമുള്ള ഉത്തരവിലെ 5-ാം ഖണ്ഡികയിൽ മാറ്റം വരുത്തികൊണ്ട് എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ സ്റ്റോർ സൂപ്രണ്ട് (ശമ്പള സ്കെയിൽ രൂപ 14620 -25280) തസ്തികയിൽ നിയമിച്ച് ഉത്തരവാകുന്നു.

മേൽ സൂചന പ്രകാരമുള്ള ഉത്തരവിലെ 5-ാം ഖണ്ഡികയിൽ മാറ്റം വരുത്തികൊണ്ട് കൊല്ലം അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയത്തിലെ തൊട്ടെടുത്ത സീനിയർ ക്ലാർക്ക് ശ്രീമതി.പി.സീതാദേവിയെ തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറയിൽ സ്റ്റോർ സൂപ്രണ്ട് (ശമ്പള സ്കെയിൽ രൂപ 14620-25280) തസ്തികയിൽ നിയമിച്ച് ഉത്തരവാകുന്നു.

ശ്രീ.പി.തമ്പാൻ, ശ്രീ.സി.ആർ.ദയാനിധി, ശ്രീമതി.റ്റി.സീതാദേവി എന്നിവരുടെ 2 വർഷ സേവന കാലയളവിലെ 1 വർഷത്തെ യഥാർത്ഥ ഡ്യൂട്ടി കാലയളവ് നിരീക്ഷണ കാലമായിരിക്കും.

ഒപ്പ്
പി.ഹരിപ്രസാദ്
ഡ്രഗ്സ് കൺട്രോളർ.

1. ശ്രീ.പി.തമ്പാൻ,
   സ്റ്റോർ സൂപ്രണ്ട്,
   റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി,
   എറണാകുളം.

2. ശ്രീ.സി.ആർ.ദയാനിധി,
   സീനിയർ ക്ലാർക്ക് (ഹ.ഗ്രേഡ്),
   അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം,
   തൃശ്ശൂർ.

3. ശ്രീമതി.സീതാദേവി,
   സീനിയർ ക്ലാർക്ക് (ഹ.ഗ്രേഡ്),
   അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം,
   കൊല്ലം.

പകർപ്പ്:-

1. ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ,
2. അനലിസ്റ്റ് ഗ്രേഡ് -I, ആർ.ഡി.റ്റി.എൽ, എറണാകുളം.
3. അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ, കൊല്ലം, തൃശ്ശൂർ,
4. ഡ്രഗ്സ് ഇൻസ്പെക്ടർ, മലപ്പുറം.
5. സീനിയർ സൂപ്രണ്ട്-I & II.
6. ജൂനിയർ സുപ്രണ്ട്.
7. എസി.3,
8. ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

OFFICE OF THE DRUGS CONTROLLER
Date.................
Thiruvananthapuram

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

എം/